(സി&ഡി) ഈ പദ്ധതിപ്രകാരം കാർഷിക-വ്യവസായം (കോഴിവളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി)), മൽസ്യകൃഷി (ഉൾനാടൻ മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി), ക്ഷീരോൽപ്പാദനം, ഭക്ഷ്യസംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും, കച്ചവടം (പൊതു വ്യാപാരം-വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉത്പാദനം ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണ്ണിച്ചറും തടി വ്യവസായവും, സോപ്പുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നത്.

നോർക്ക റൂട്ട്സും കനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവരുമായി ഒപ്പു വെച്ചിട്ടുള്ള ധാരണാപത്രംപ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നോർക്ക റൂട്ട്സാണ് പദ്ധതി നടപ്പാക്കിവരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികൾ/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു.

പ്രവാസി പുനരധിവാസ പദ്ധതി

76 (2709) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രവാസികൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) വിദേശത്തുവച്ചു മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള ധന സഹായം നൽകുന്നുണ്ടോ ; എത്ര കുടുംബങ്ങൾക്കാണ് കഴിഞ്ഞ നാല് വർഷം ഈ ഇനത്തിൽ സഹായം നൽകിയത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ ആദ്യത്തെ നാലുവർഷം 3 ശതമാനം പലിശ ഇളവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. രണ്ടുവർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക്, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക-റൂട്ട്സുമായി എം.ഒ.യു. ഒപ്പ് വച്ചിട്ടുള്ള കാനറാ ബാങ്കും, യൂണിയൻ ബാങ്കും മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

NDPREM റിപ്പോർട്ട്

1	മൊത്തം അപേക്ഷകരുടെ എണ്ണം	19690
2	സ്ക്രീനിംഗിന് ക്ഷണിച്ചവരുടെ എണ്ണം	19690
3	സ്ക്രീനിംഗിന് ഹാജരായവരുടെ എണ്ണം	7218
4	സ്ക്രീനിംഗിന് കമ്മിറ്റി തെരഞ്ഞെടുത്ത അപേക്ഷകരുടെ എണ്ണം	6809
5	സ്ക്രീനിംഗിന് കമ്മിറ്റി നിരസിച്ച അപേക്ഷകരുടെ എണ്ണം	397
6	ബാങ്കിലേക്ക് ശിപാർശ കത്ത് അയച്ചവരുടെ എണ്ണം	6758
7	ബാങ്കിലേക്ക് ശിപാർശ കത്ത് അയയ്ക്കാനുള്ളത് (ബാഡ്ജോടുകൂടിയ ഡ്രൈവിംഗ് ലൈസൻസ്, വിസയുടെ പകർപ്പ് എന്നീ വിവിധ കാരണങ്ങളാൽ പെൻഡിംഗ് വച്ചിരിക്കുന്ന അപേക്ഷകളുടെ എണ്ണം)	63
8	ബാങ്കിൽനിന്നും ലോണെടുത്ത അപേക്ഷകരുടെ എണ്ണം	896 (Canara Bank) +19 (Union Bank) = 915
9	സബ്സിഡി	6.82 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

സൗദി അറേബ്യയിലെ നിതാഖത്ത് നിയമംമൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം	അധികവിവരങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണം	ബാങ്ക് വായ്പ ശിപാർശയ്ക്ക് യോഗ്യരായവരുടെ എണ്ണം
തിരുവനന്തപുരം	2330	439	177
കൊല്ലം	2182	526	239
പത്തനംതിട്ട	351	82	49
ആലപ്പുഴ	685	65	37
കോട്ടയം	219	63	21
ഇടുക്കി	77	28	10
എറണാകുളം	422	126	74
തൃശ്ശൂർ	620	26	16
പാലക്കാട്	1532	435	228
കോഴിക്കോട്	2719	740	271
വയനാട്	554	...	...
മലപ്പുറം	9274	2843	733
കണ്ണൂർ	1423	410	194
കാസർഗോഡ്	246	...	...
ആകെ	22634	5783	2049

(ബി) അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും അപേക്ഷയുടെ സീനിയോറിറ്റിക്ക് അനുസരിച്ചുമാണ് ധനസഹായം നൽകുന്നത്.

(സി) വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള സാന്ത്വന പദ്ധതിയിൻ കിഴിൽ 1580 കുടുംബങ്ങൾക്കും കാരുണ്യപദ്ധതിയിൻ കീഴിൽ 35 കുടുംബങ്ങൾക്കും ചെയർമാൻ ഫണ്ടിൽനിന്നും 713 കുടുംബങ്ങൾക്കും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ധനസഹായം നൽകിയിട്ടുണ്ട്.

പ്രവാസി മലയാളികൾ

77 (2710) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾ 2014-15 സാമ്പത്തിക വർഷം കേരളത്തിലേക്ക് അയച്ച ശരാശരി തുക എത്ര കോടി രൂപയാണെന്നാണ് നോർക്ക വിലയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) നോർക്കയുടെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലയും താലൂക്കും ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാങ്കുകളിൽ 2014-15 സാമ്പത്തിക വർഷം 109603 കോടി രൂപ പ്രവാസി നിക്ഷേപമുള്ളതായാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി.) കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിലെ വിവരമനുസരിച്ച് ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ.യിലാണ് ജോലി ചെയ്യുന്നത്. (507087).

(സി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല മലപ്പുറം. താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

പ്രവാസി മലയാളികളുടെ പുനരധിവാസം

78 (2711) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15-ലെ ബഡ്ജറ്റിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly